**ആലപ്പുഴ ജില്ലാ കളക്ടർ & ജില്ലാ ദുരന്തനിവാരണ അതോറിറ്റി ചെയർമാൻ നടപടി ക്രമം**

**(ഹാജർ : എ. അലക്സാണ്ടർ ഐ.എ.എസ്.)**

DMC.3-391/2020 Date : 29/06/2020

വിഷയം : കോവിഡ് 19 രോഗവ്യാപനം തടയുന്നത് - ആലപ്പുഴ ജില്ലയിലെ കാർത്തികപ്പള്ളി താലൂക്കിലെ കായംകുളം നഗരസഭ വാർഡ് നം-4,9 എന്നീ വാർഡുകൾ കണ്ടെയിൻമെൻറ് സോൺ ആക്കുന്നത് /ക്ലസ്റ്റർ ക്വാറൻെറൻ നടപടികൾ സ്വീകരിക്കുന്നത് -സംബന്ധിച്ച്.

വായന :
1) കേന്ദ്ര ആരോഗ്യകുടുംബക്ഷേമ വകുപ്പിൻെറ കണ്ടെയിൻമെൻറ് പ്ലാൻ
2) ജി.ഒ(പി) 15/2020/ആരോഗ്യകുടുംബക്ഷേമ മന്ത്രാലയം തീയതി 29-03-2020
3) കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിൻെറ 01/05/2020 ലെ നമ്പർ 40-3/2020(1)M/19 നം ഉത്തരവ്.
4) സ.ഉ. (MS) നം 18/2020 DMD നമ്പർ ഉത്തരവ് തീയതി 17/06/2020.
5) ജില്ലാ മെഡിക്കൽ ആഫീസർ ആരോഗ്യത്തിൻെറ 29.06.2020 തീയതിയിലെ സി2-1478/2020 റിപ്പോർട്ട്.

കോവിഡ് 19 രോഗവ്യാപനം തടയുന്നതിനും ഫലപ്രദമായി നിയന്ത്രിക്കുന്നതിനും ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നിർദ്ദേശിച്ചു കൊണ്ട് വായന (1) (2) പ്രകാരം ഉത്തരവായിട്ടുള്ളതാണ്. ആലപ്പുഴ ജില്ലയിലെ കാർത്തികപ്പള്ളി താലൂക്കിലെ കായംകുളം നഗരസഭ യിലെ താമസക്കാരനായ വ്യക്തിക്ക് കോവിഡ്-19 സ്ഥിരീകരിച്ചിട്ടുണ്ട്. ടിയാളുടെ രോഗ ഉറവിടം അന്വേഷിച്ചതിൽ ടിയാൻ പച്ചക്കറികട നടത്തുന്ന വ്യക്തിയാണെന്നും ടി കടയിൽ തമിഴ് നാട് കർണ്ണാടക തുടങ്ങിയ സ്ഥലങ്ങളിൽ നിന്നും വാഹനങ്ങളിൽ പച്ചക്കറി എത്തുന്നതായും അറിവായിട്ടുണ്ട്. ടിയാൻെറ വീട്ടിലും കടയിലും പരിസരത്തുമായി പ്രൈമറി കോണ്ടാക്ടായി ഇരുപതിലധികം പേർ ഉള്ളതായും ടിയാൻെറ കടയിലൂടെ തിരിച്ചറിയാൻ കഴിയാത്ത നിരവധിപേർ കോണ്ടാക്ടിലായിട്ടുള്ളതായും ജില്ലാ മെഡിക്കൽ ആഫീസർ (ആരോഗ്യം) റിപ്പോർട്ട് ചെയ്തിട്ടുണ്ട്. വിഷയത്തിൻെറ ഗൌരവവും അടിയന്തിര പ്രാധാന്യവും കണക്കിലെടുത്ത് രോഗവ്യാപനം തടയേണ്ടതാണെന്ന് ബോധ്യപ്പെട്ടിട്ടുണ്ട്. കോവിഡ് 19 രോഗം കൂടുതൽ ആളുകളിലേയ്ക്ക് വ്യാപിക്കാതിരിക്കാൻ/ രോഗബാധ ഉണ്ടായിരുന്ന ആളുമായി സമ്പർക്കത്തിലേർപ്പെട്ടവർ/ സ്ഥലങ്ങൾ എന്നിവയിലൂടെ രോഗവ്യാപനമുണ്ടാവുന്നത് തടയുന്നതിന് കായംകുളം നഗരസഭ 4, 9 എന്നീ വാർഡുകളിൽ കർശനനിയന്ത്രണങ്ങൾ ആവശ്യമാണെന്നും ബോധ്യപ്പെട്ടിട്ടുണ്ട്.

ഈ സാഹചര്യത്തിൽ ജില്ലാ ദുരന്തനിവാരണ അതോറിറ്റി ചെയർമാൻ എന്നനിലയിൽ എന്നിൽ നിക്ഷിപ്തമായ അധികാരമുപയോഗിച്ച് 2005 ലെ ദുരന്തനിവാരണ നിയമം വകുപ്പ് 26(2), 34 (എ, ബി, സി), 2020 ലെ കേരള എപ്പിഡമിക്ക് ഡിസീസസ്സ് ഓഡിനൻസ് സെക്ഷൻ 4, എന്നിവ പ്രകാരം താഴെപ്പറയുന്ന ഉത്തരവുകൾ ഉറപ്പെടുവിക്കുന്നു.

Scanned with CamScanner

1) ആലപ്പുഴ ജില്ലയിലെ കാർത്തികപ്പള്ളി താലൂക്കിലെ കായംകുളം നഗരസഭ വാർഡ് നം- 4, 9 എന്നിവയിൽ ഉൾപ്പെട്ടപ്രദേശങ്ങൾ ക്ലസ്റ്റർ ക്വാറന്റൈൻ / കണ്ടെയിൻമെന്റ് സോണുകളായി പ്രഖ്യാപിച്ച് ഉത്തരവാകുന്നു

2) പ്രസ്തുത വാർഡുകളിലെ റോഡുകളിലൂടെയുള്ള വാഹന ഗതാഗതം നിരോധിക്കുന്നു. അവശ്യവസ്തുക്കളുടെ വിതരണത്തിനും, അടിയന്തിര വൈദ്യസഹായത്തിനുമുള്ള യാത്രയും നിയന്ത്രണങ്ങൾക്ക് വിധേയമായി ഇളവുകൾ ഉണ്ടായിരിക്കും.

3) അവശ്യ / ഭക്ഷ്യവസ്തുക്കൾ വിതരണം ചെയ്യുന്ന സ്ഥാപനങ്ങൾക്ക് മാത്രം രാവിലെ 8 മണി മുതൽ 11 മണിവരെയും പൊതുവിതരണ സ്ഥാപനങ്ങൾക്ക് (പി.ഡി.എസ്.) രാവിലെ 8 മണി മുതൽ ഉച്ചയ്ക്ക് 2 മണി വരെയും പ്രവർത്തിക്കാം. ഒരേ സമയം അഞ്ചിലധികം പേർ എത്താൻ പാടില്ല മറ്റ് സ്ഥാപനങ്ങൾ തുറക്കാൻ പാടില്ല

4) ടി വാർഡുകളിൽ യാതൊരു കാരണവശാലും നാലിലധികം ആളുകൾ കൂട്ടംകൂടാൻ പാടില്ല

5) ഈ പ്രദേശങ്ങളിൽ പോലീസ് നിരീക്ഷണവും തദ്ദേശസ്വയം ഭരണ വകുപ്പിന്റെ ആരോഗ്യവിഭാഗത്തിന്റെ നിരീക്ഷണവും ശക്തമാക്കേണ്ടതാണ്.

6) ടി വാർഡുകളിൽ താമസിക്കുന്നവർക്ക് പുറത്തുനിന്ന് അവശ്യ വസ്തുക്കൾ ആവശ്യമായി വരുന്നപക്ഷം പോലീസ് / വാർഡ് ആർ.ആർ.റ്റി കളുടെ സേവനം തേടാവുന്നതാണ്.

ഈ ഉത്തരവുകൾ ലംഘിക്കുന്നവർക്കെതിരെ പകർച്ചവ്യാധി നിയന്ത്രണ നിയമപ്രകാരവും 2005 ദുരന്തനിവാരണ നിയമപ്രകാരവും IPC സെക്ഷൻ 188, 269 പ്രകാരവും നിയമനടപടികൾ സ്വീകരിക്കുന്നതാണ്.

ജില്ലാ കളക്ടർ &
ജില്ലാ ദുരന്തനിവാരണ അതോറിറ്റി ചെയർമാൻ
ആലപ്പുഴ

പകർപ്പ്-
ജില്ലാ പോലീസ് മേധാവി, ആലപ്പുഴ.
ജില്ലാ മെഡിക്കൽ ഓഫീസർ, (ആരോഗ്യം) ആലപ്പുഴ.
ആർ.ഡി.ഒ ചെങ്ങന്നൂർ
ഡെപ്യൂട്ടി കളക്ടർ (ജനറൽ), ആലപ്പുഴ.
ഡെപ്യൂട്ടി കളക്ടർ (ഡി.എം.) ആലപ്പുഴ.
ജില്ലാ ഇൻഫർമേഷൻ ഓഫീസർ ആലപ്പുഴ
(മാധ്യമങ്ങളിൽ പ്രസിദ്ധീകരിക്കുന്നതിന്)
ഡി.ഡി.പി ആലപ്പുഴ
തഹസിൽദാർ കാർത്തികപ്പള്ളി
വില്ലേജ് ആഫീസർ, കൃഷ്ണപുരം
സെക്രട്ടറി, കായംകുളം നഗരസഭ
സി.എ ടു ഡി.സി.
കരുതൽ ഫയൽ

Scanned with CamScanner